നം.ഇ.എസ്സ് 2-85318/13/ആ.വ.ഡ.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി.30/09/2014.

# നോട്ടീസ്

വിഷയം - ആ.വ.ഡ - കോട്ടയം ജില്ലാ ആശുപത്രിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി.അന്നമ്മ എബ്രഹാമിന്റെ സീനിയോറിറ്റി പുനഃക്രമീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന - സർക്കാരിന്റെ 25/07/2014 - ലെ ജി.ഒ(ആർ.റ്റി) നം.2540/14/ ആ.കു.വ ഉത്തരവ്.

കോട്ടയം ജില്ലാ ആശുപത്രിയിലെ ജൂനിയർ സൂപ്രണ്ടായ ശ്രീമതി.അന്നമ്മ എബ്രഹാമിന്റെ സീനിയോറിറ്റി പുനഃപരിശോധിക്കണമെന്ന് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ സർവ്വീസ് വിവരങ്ങൾ വിശദമായി പരിശോധിച്ചു.

ശ്രീമതി.അന്നമ്മ എബ്രഹാം 01/06/1988 - ൽ ഇടുക്കി ജില്ലയിൽ എൽ.ഡി.ക്ലാർക്കായി പി.എസ്.സി മുഖേന ജോലിയിൽ പ്രവേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ എൽ.ഡി.ക്ലാർക്കുമാരുടെ 06/1986 മുതൽ 08/1990 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 521-ാം നമ്പറായി ഉൾപ്പെടുകയും ചെയ്തു. തുടർന്ന് 05/03/1990 - ൽ ടിയാൾക്ക് കോട്ടയം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചു. 1.1/1988 ൽ വകുപ്പ് തല പരീക്ഷയിൽ വിജയിക്കുകയും 30/06/1990 - ൽ പരിശീലനകാലം പൂർത്തിയാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 19/06/1990 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം യു.ഡി.ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു.

എന്നാൽ ടിയാൾ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ തുടരവെ അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയതിനാൽ കെ.എസ്.&എസ്.എസ്.ആർ ചട്ടം 27(എ) അനുസരിച്ച് ടിയാളുടെ സീനിയോറിറ്റി തെറ്റാണെന്ന് ബോധ്യമാവുകയും അതിന്റെ അടിസ്ഥാനത്തിൽ അവ പുതുക്കി നിശ്ചയിക്കാൻ സർക്കാരിൽനിന്നും നിർദ്ദേശം ലഭിക്കുകയും ചെയ്തു. അപ്രകാരം ടിയാളുടെ എൽ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി 06/1986 മുതൽ 08/1990 വരെയുള്ള പട്ടികയിൽ 521 എന്ന നമ്പറിന് പകരം 947(സി) ആക്കാൻ താത്കാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്ര. നം. | പേര് | നിലവിലെ എൽ.ഡി.സി. റാങ്ക് നമ്പർ 06/1986 മുതൽ 08/1990 വരെ | ജനനതീയതി | പുതുക്കിയ റാങ്ക് നമ്പർ |
|---|---|---|---|---|
| 1 | രമാകുമാരി | 947 B | | 947 B |
| 2 | അന്നമ്മ എബ്രഹാം | 521 | 25/05/1959 | 947 C |
| 3 | വിഷ്ണു | 948 | 05/05/1961 | 948 |

മേൽ രേഖപ്പെടുത്തിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.അന്നമ്മ എബ്രഹാമിന് യു.ഡി.ക്ലാർക്കുമാരുടെ 01/04/1988 മുതൽ 19/06/1993 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാൻ അർഹതയില്ല. പകരം 19/06/2000 മുതൽ 31/12/2012 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാത്രമേ യോഗ്യതയുള്ളൂ. പ്രസ്തുത പട്ടിക പൂർത്തിയാക്കുന്നമുറയ്ക്ക് ടിയാളെ യഥാസ്ഥാനത്ത് ഉൾപ്പെടുത്തുന്നതായിരിക്കും.

എൽ.ഡി.ക്ലാർക്ക് തസ്തികയിലെ ടിയാളുടെ സീനിയോറിറ്റി 06/1986 മുതൽ 08/1990 വരെയുള്ള പട്ടികയിൽ 947(സി) എന്ന റാങ്ക് നമ്പർ നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അവ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച തീയതിമുതൽ 30 ദിവസത്തിനകം നേരിട്ടോ തപാൽ മാർഗമോ ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

ഒപ്പ്

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക്

പകർപ്പ്

1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർ(ആരോഗ്യം) മാർക്കും.
2) എല്ലാ വ്യക്തികൾക്കും.
3) ശ്രീമതി.അന്നമ്മ എബ്രഹാം.
   ജൂനിയർ സൂപ്രണ്ട്, ജില്ലാ ആശുപത്രി, കോട്ടയം.
4) ഫയൽ/സ്റ്റോക്ക്.

അംഗീകാരത്തോടെ

സൂപ്രണ്ട്